ബോണക്കാട് മലമുകളിൽ നടാനായി കൊണ്ടുവന്ന വൃക്ഷത്തൈകൾ

1333. [2006] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ബോണക്കാട് മലമുകളിലെ പുൽമേട്ടിൽ നടുവാനായി ഇടുക്കി ജില്ലയിൽനിന്നും ഏതൊക്കെ ഇനം വൃക്ഷത്തൈകളാണ് കൊണ്ടുവന്നത് ; എത്ര തൈകൾ കൊണ്ടു വന്നു ;

(ബി) തൈകൾ കൊണ്ടു വരുന്നതിലേക്കായി എത്ര രൂപ ചെലവായി ;

(സി) ഈ തൈകൾ ബോണക്കാട് എസ്റ്റേറ്റിൽ നിന്നും മലമുകളിലെ പുൽമേട്ടിലെത്തിക്കുവാൻ എത്ര രൂപ ചെലവായി ?

ഉത്തരം

(എ) ബോണക്കാട് മലമുകളിലെ പുൽമേട്ടിൽ നടുവാനായി ഇടുക്കി ജില്ലയിൽനിന്നും 2,09,500 സിൽവർ ഓക്ക് തൈകളും 40,000 ചന്ദന വേപ്പ് തൈകളും കൊണ്ടുവന്നിട്ടുണ്ട്.

(ബി) 3,100 രൂപ.

(സി) 500 രൂപ.

വ്യക്തികൾക്ക് കൈവശഭൂമിയിലെ വൃക്ഷം മുറിക്കാൻ വിലക്ക

1334. [2007] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള വൃക്ഷങ്ങൾ മുറിക്കാൻ പാടില്ലെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണ് ;

(ബി) മരം മുറിക്കാൻ പാടില്ലെന്ന് തീരുമാനിക്കാൻ പ്രത്യേക കാരണങ്ങളുണ്ടോ ;

(സി) എത്ര ഏക്കർ ഭൂമി കൈവശമുള്ളവർക്കാണ് മരങ്ങൾ മുറിക്കാൻ ഇപ്പോൾ അനുവാദമുള്ളത് ;

(ഡി) സ്വകാര്യ വ്യക്തികൾക്ക് കൈവശസ്ഥലത്തുള്ള മരങ്ങൾ മുറിക്കണമെങ്കിൽ ഫോറസ്റ്റ് ഓഫീസറുടെ അനുവാദം വേണമെന്ന നടപടി മാറ്റാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ കേരള വൃക്ഷസംരക്ഷണ ഓർഡിനൻസ് പ്രകാരം ചന്ദനം, തേക്ക്, വീട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, പെൺകച്ചട്ടച്ചി, ചന്ദന വേപ്പ്, ചിനി എന്നീ പത്തിനം മരങ്ങൾ മുറിക്കുന്നതിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസിന്റെ 5-ാം വകുപ്പനുസരിച്ച് പ്രത്യേകം വിജ്ഞാപനം ചെയ്ത്, ചില സ്വകാര്യ വനങ്ങളിലും കാർഡമം ഹിൽ റിസർവ്വിൽപ്പെട്ട ചില പ്രദേശങ്ങളിലും ചില ഏലത്തോട്ടങ്ങളിലും ഏതിനം മരം മുറിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

ഈ നിയന്ത്രണം ആദ്യമായി കൊണ്ടുവന്നത് 17-6-1983-ൽ ആണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്രമരഹിതമായി വൻതോതിൽ മരങ്ങൾ മുറിക്കുന്നത് മണ്ണൊലിപ്പിനിടയാക്കുന്നുണ്ടെന്നും രാജ്യത്തിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥയേയും സംസ്ഥാനത്തിലെ വൃക്ഷസമ്പത്തിനെയും ഇതു സാരമായി ബാധിക്കുന്നുണ്ടെന്നും കണ്ടതുകൊണ്ടാണ് ഈ നിയന്ത്രണം ഏർപ്പെടുത്തിയത്.

(സി) പാർപ്പിടങ്ങളുടെ 0.8 ഹെക്ടർ ചുറ്റളവിൽ നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതിന് ഈ നിയന്ത്രണം ബാധകമല്ല.

(ഡി) നിയമമനുസരിച്ച് മുറിക്കാൻ അനുവദിച്ചിട്ടുള്ളതിനു പുറമേയുള്ള ഭൂമിയിൽനിന്നു മരങ്ങൾ മുറിക്കണമെങ്കിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥന്റെ അനുവാദം വേണമെന്ന നടപടി മാറ്റാൻ ഉദ്ദേശിക്കുന്നില്ല.

വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ

1335. [2008] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഓരോ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെയും മൊത്ത വിസ്തീർണ്ണമെത്ര ;

(ബി) ഓരോ വന്യമൃഗസംരക്ഷണ കേന്ദ്രത്തിലും എത്ര ഹെക്ടർ യൂക്കാലിപ്റ്റസ് തോട്ടമുണ്ട് ; എത്ര ഹെക്ടർ തേക്കു തോട്ടമുണ്ട് ; മറ്റ് ഏതെങ്കിലും ഇനം തോട്ടങ്ങൾ എത്ര ; അവയുടെ വിസ്തീർണ്ണം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഓരോ വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെയും വിസ്തീർണ്ണവും മൊത്ത വിസ്തീർണ്ണവും താഴെ കൊടുത്തിരിക്കുന്നു.

സങ്കേതത്തിന്റെ പേര്		വിസ്തീർണ്ണം	
(1) വയനാട് വന്യജീവിസങ്കേതം		344.00	ച. കി.
(2) പറമ്പിക്കുളം	,,	285.00	,,
(3) പീച്ചി, വാഴാനി	,,	125.00	,,
(4) ഇടുക്കി	,,	70.00	,,
(5) നെയ്യാർ	,,	128.00	,,
(6) പേപ്പാറ	,,	533.00	,,
(7) തട്ടേക്കാട്	,,	25.00	,,
(8) ചെന്തുരുണി	,,	100.32	,,
(9) ചിന്നാർ	,,	10.00	,,
(10) ചിന്നാർ	,,	90.44	,,
(11) ആറളം	,,	55.00	,,
(12) പെരിയാർ	,,	777.00	,,
(13) സൈലന്റ്വാലി	ദേശീയ ഉദ്യാനം	89.5	,,
(14) ഇരവികുളം	,,	97.00	,,
	ആകെ	2249.26	,,

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly